"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പൽ ഓഫീസിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് മിന്നൽ പരിശോധന- ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ജി.മനോഹരൻ നായർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2512/2024/LSGD തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.11.2015 തീയതിയിലെ ഇ7(എസ്.സി 19/15/14/ഇ കെ എം)6722/2015 നമ്പർ കത്ത്.
2. 13.06.2017 തീയതിയിലെ ഇയു2-158/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. 08.10.2020 തീയതിയിലെ സ.ഉ(സാധാ) നം.1847/2020/തസ്വഭവ.
4. കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 18.05.2022 തീയതിയിലെ ജി1-3372/2020 നമ്പർ അന്വേഷണറിപ്പോർട്ട്.
5. പ്രിൻസിപ്പൽഡയറക്ടറുടെ 18.11.2024തീയതിയിലെ LSGD/PD/8236/2023-VIGC2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പൽ ഓഫീസ് പരിധിയിൽ പത്താം വാർഡിൽ സ്ഥിതി ചെയ്യുന്ന സൈനിക ആശ്രമത്തിന്റെ ഉടമസ്ഥതയിൽ മിനറൽ വാട്ടർ പ്ലാന്റ് തുടങ്ങുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ വാർഡ് മെമ്പർമാർക്കും മറ്റും കൈക്കൂലി നൽകാത്തതിനെ തുടർന്ന് ലൈസൻസ് നൽകിയില്ലായെന്നും ആശ്രമത്തിനു സമീപമുള്ള പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈയ്യേറി എന്നും മറ്റുമുള്ള കേരള എക്സ് സർവ്വീസ് മെൻ വെൽഫയർ അസ്സോസിയേഷന്റെ പരാതിയിന്മേൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കാക്കനാട് സൈനിക ആശ്രമത്തിന്റെ ഉടമസ്ഥതയിൽ തുടങ്ങാനിരുന്ന Botling Plant ലൈസൻസിനുള്ള 2012 ൽ നൽകിയ അപേക്ഷ സംബന്ധിച്ച ഫയൽ തൃക്കാക്കര മുനിസിപ്പൽ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ഇന്നേ വരെ എൻ ഒ സി നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ലാത്തതാണ് എന്നും, തുടർന്ന് ടി കാര്യത്തിന് മുനിസിപ്പാലിറ്റി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.സുനിൽകുമാറിനോട് ചോദിച്ചതിൽ മുനിസിപ്പൽ ഏരിയയിൽ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ലൈസൻസ് നൽകുന്നത് ആരോഗ്യവിഭാഗമാണെന്നും, എന്നാൽ മേൽ കാര്യത്തിന്റെ ഫയൽ

കണ്ടുകിട്ടിയിട്ടില്ലാത്തതാണെന്നും ആരോഗ്യ വിഭാഗത്തിലെ മിനിട്സ് പരിശോധിച്ചതിൽ മിനിട്സിൽ രേഖപ്പെടുത്തി കൗൺസിൽ വച്ചതായി കാണുന്നില്ലെന്നും ടി കാലയളവിൽ ഹെൽത്ത് ഇൻസ്പെക്ടറായി പ്രവർത്തിയെടുത്ത് വന്നിരുന്നത് ശ്രീ.ജി.മനോഹരൻനായരും റിട്ടയർ ചെയ്ത ശ്രീ.എം.എം.സുരേഷും ആയിരുന്നുവെന്നും കണ്ടെത്തിയിരുന്നു. കേണൽ ശ്രീ.കെ.ബി.ആർ പിള്ളയ്ക്ക് ലൈസൻസ് ലഭിക്കാതിരുന്നപ്പോൾ ടിയാൻ ഹൈക്കോടതിയിൽ WP(c) 24500/13 ആയി പരാതി നൽകിയതിനെ തുടർന്ന് 23/01/2015 ൽ ഹൈക്കോടതിയുടെ ഉത്തരവിൽ Ground Water Department -ന്റെ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് ലൈസൻസ് നൽകണമെന്ന് മുനിസിപ്പാലിറ്റിയോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എന്നാൽ തൃക്കാക്കര മുനിസിപ്പാലിറ്റി 28/04/2015 ൽ 9-ാം നമ്പർ ആയി എടുത്ത തീരുമാന പ്രകാരം പാക്കേജ് ഡ്രിങ്കിങ്ങ് വാട്ടർ പ്രോജക്ടിന് എൻ.ഒ.സി നൽകേണ്ടതില്ലായെന്ന് തീരുമാനം എടുത്തിട്ടുള്ളതാണ് എന്നും തുടർന്ന് ആശ്രമത്തിന് സമീപമുള്ള പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറി എന്ന ആരോപണം അന്വേഷിച്ചതിൽ മക്കാർ എന്നയാൾക്ക് നംബിള്ളി കുടുംബത്തിൽ നിന്നും വാരാവകാശമായി വാക്കാൽ സിദ്ധിച്ചിട്ടുള്ളതായി പറയുന്ന ടി വസ്തുവിനെ കുറിച്ച് കാക്കനാട് വില്ലേജ് ഓഫീസിൽ എത്തി രേഖകൾ പരിശോധിച്ചതിൽ ടി വില്ലേജിലെ Sy No.404/4-5-ൽ പെട്ടിട്ടുള്ളതാണെന്നും നിലവിൽ ആയത് പന്ത്രണ്ട് ആളുടെ പേരിലാണെന്നും BTR Register പ്രകാരം അറിവായിട്ടുള്ളതാണ്. ആയതിനാൽ കേണൽ ശ്രീ.കെ.ബി.ആർ പിള്ളയുടെ അപേക്ഷ സംബന്ധിച്ച ഫയൽ കാണാതായതിന് കാരണക്കാരനായ മുൻ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ജി.മനോഹരൻ നായർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ കേണൽ ശ്രീ.കെ.ബി.ആർ പിള്ളയുടെ അപേക്ഷ സംബന്ധിച്ച ഫയൽ കാണായതിന് കാരണക്കാരാനായ മുൻ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ജി.മനോഹരൻ നായർക്കെതിരെ പരാമർശം 2 പ്രകാരം, കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച മറുപടി പരിശോധിക്കുകയും, തുടർന്ന് ഇക്കാര്യത്തിൽ ഔപചാരികഅന്വേഷണം നടത്തുന്നതിന് പരാമർശം 3 പ്രകാരം കൊച്ചി റീജണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവായിരുന്നു.

3. കൊച്ചി റീജണൽ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച പരാമർശം 4 അന്വേഷണറിപ്പോർട്ട് പ്രകാരം, തൃക്കാക്കര മുനിസിപ്പൽ ആഫീസ് 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സൈനിക ആശ്രമത്തിന്റെ ഉടമസ്ഥതയിൽ മിനറൽ വാട്ടർ പ്ലാന്റ് തുടങ്ങുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച ഫയൽ നഗരസഭയിൽ ലഭ്യമല്ലാത്തതിനാൽ ആയതിന് ശ്രീ.മനോഹരൻ നായർ (ഹെൽത്ത് ഇൻസ്പെക്ടർ) കാരണക്കാരനാണെന്നുള്ള വിജിലൻസ് റിപ്പോർട്ട് പ്രകാരം ആയത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണ്ടാണ് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത് എന്നും ശ്രീ.മനോഹരൻ നായർ തൃക്കാക്കര നഗരസഭയിൽ 05.03.2012 മുതൽ 07.08.2014 വരെ ഹെൽത്ത് ഇൻസ്പെക്ടർ ആയി ജോലി നോക്കിയിരുന്ന കാലയളവിൽ കാക്കനാട് സൈനിക ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെയും മറ്റ് ആവശ്യക്കാർക്കും ടാങ്കർ മുഖേന കുടിവെള്ളം വിതരണം ചെയ്യുന്നതിന് 2012 ൽ ഡി & ഒ ലൈസൻസ് നൽകിയിരുന്നതായും തുടർന്ന് 2013-14 വർഷത്തേയ്ക്ക് എച്ച്1-12147/13-ാം നമ്പർ ഫയൽ പ്രകാരം ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാണ് എന്നും അറിയിക്കുന്നു. ഇപ്രകാരം നൽകിയ ലൈസൻസ് പരിവർത്തനം ചെയ്തു പാക്കേജ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റിനുള്ള നിയമവശങ്ങൾ ആരായുവാൻ വരികയും ആയതു നൽകുകയും ചെയ്തിട്ടുള്ളതാണെന്നും

എന്നാൽ ആയതിനുള്ള അപേക്ഷകളൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതുമാണെന്നും മാത്രമല്ല, ലൈസൻസിനുള്ള അപേക്ഷകർ കൗൺസിൽ പരിഗണനയിൽ അജണ്ട തയ്യാറാക്കി സമർപ്പിയ്ക്കുന്നത് മിനിസ്റ്റീരിയൽ വിഭാഗമാണെന്നും അപ്രകാരമുള്ള ഫയൽ റിപ്പോർട്ടിനായി ഫീൽഡ് ലെവൽ ഓഫീസർ ആയ ഹെൽത്ത് ഇൻസ്പെക്ടർക്ക് വരുമ്പോൾ നിയമവശങ്ങൾ ചൂണ്ടിക്കാട്ടി റിപ്പോർട്ട് സമർപ്പിയ്ക്കുകയാണ് ചെയ്യാറുള്ളതെന്നും ടിയാൻ തൃക്കാക്കര നഗരസഭയിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ ഇപ്രകാരമൊരു ഫയൽ റിപ്പോർട്ടിനായി വന്നിട്ടില്ലെന്നും ആയതിനാൽ തന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും വന്നിട്ടില്ലാത്തതിനാലും 31.05.2015 ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും കണക്കാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും മൊഴി നൽകിയിരിക്കുന്നതായും അറിയിക്കുന്നു.

4. തൃക്കാക്കര നഗരസഭാ പരിധിയിലെ സൈനികാശ്രമം റോഡിൽ സ്ഥിതി ചെയ്യുന്ന Ex-servicemen Welfare Association എന്ന സ്ഥാപനത്തിന് 2015-16 വർഷത്തേയ്ക്ക് പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ സ്റ്റോറേജിനായി നഗരസഭ ലൈസൻസ് നൽകിയിട്ടുള്ളതാണെന്നും ആയതിന് 24.03.2016 ൽ ലൈസൻസ് പുതുക്കി നൽകുന്നതിന് അപേക്ഷ ലഭിക്കുകയും 2016-17 കാലയളവിലേക്ക് പുതുക്കി നൽകിയിട്ടുള്ളതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതായും തൃക്കാക്കര നഗരസഭയിൽ സൈനികാശ്രമം റോഡിൽ സ്ഥിതി ചെയ്യുന്ന Ex-servicemen Welfare Association എന്ന സ്ഥാപനത്തിന് packed drinking water storage-നായി 2015-16 വർഷത്തേയ്ക്ക് ലൈസൻസ് നൽകുകയും ആയത് 2016-17 വർഷത്തേയ്ക്ക് പുതുക്കി നൽകുകയും ചെയ്തിട്ടുള്ളതിനാൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മനോഹരൻ നായർ സേവനം അനുഷ്ഠിച്ചിരുന്ന 05.03.2012 മുതൽ 07.08.2014 വരെയുള്ള കാലയളവിൽ സൈനികാശ്രമത്തിന്റെ ഉടമസ്ഥതയിൽ Package Drinking Water Unit നുള്ള ലൈസൻസ് അപേക്ഷ ഫയൽ റിപ്പോർട്ടിനായി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മനോഹരൻ നായർക്ക് ലഭിച്ചിട്ടില്ലെന്നുള്ള ടിയാന്റെ മറുപടി പരിഗണിയ്ക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 31.05.2015 ൽ ടിയാൾ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 5 റിപ്പോർട്ട് പ്രകാരം എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പൽ ഓഫീസ് പരിധിയിൽ പത്താം വാർഡിൽ സ്ഥിതി ചെയ്യുന്ന സൈനിക ആശ്രമത്തിൻറെ ഉടമസ്ഥതയിൽ മിനറൽ വാട്ടർ പ്ലാൻറ് തുടങ്ങുന്നതിനായി കേരള എക്സ് സർവ്വീസ് മെൻ വെൽഫയർ അസോസിയേഷൻ പരാതി സമർപ്പിച്ചിരുന്നു. ഭൂജലവകുപ്പിൻറെ യീൽഡ് ടെസ്റ്റ് റിപ്പോർട്ടും ഹാജരാക്കിയിരുന്നു. എന്നാൽ 28.04.2015 തീയതിയിലെ നഗരസഭ കൌൺസിലിൻറെ 9-ാം നമ്പർ തീരുമാന പ്രകാരം ടി പ്രോജക്ട് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ കുടിവെള്ളക്ഷാമവും പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്ത് ഇതിന് NOC നൽകേണ്ടതില്ലെന്നും ബഹു.ഹൈക്കോടതിയുടെ WP(C) No.24500/2003 കേസിൽ 23.01.2015-ലെ ഉത്തരവിനെതിരെ അപ്പീൽ പോകുന്നതിനും തീരുമാനിച്ചിരുന്നു. ഭൂജലവകുപ്പിൻറെ അനുമതിപത്രവും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പ്രവൃത്തി നടത്തുന്നതിനുള്ള അനുമതിപത്രവും ഹാജരാക്കിയിട്ടുള്ളതാണ്. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഭൂഗർഭജല അതോറിറ്റിയിൽ നിന്ന് അനുമതി ലഭ്യമായാൽ ഒരു മാസത്തിനകം ഹർജിക്കാരന് ലൈസൻസ് നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. ബഹു.ഹൈക്കോടതിയുടെ മേൽ പരാമർശിത വിധിന്യായത്തിനെതിരെ അപ്പീൽ പോകുന്നതിന് കൌൺസിൽ തീരുമാനിച്ചതിൻറെ അടിസ്ഥാനത്തിൽ നഗരസഭയുടെ,

ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലുമായി ബന്ധപ്പെടുകയും എന്നാൽ അപ്പീൽ പോയി കേസ് അനുകൂലമാക്കുന്നതിന് യാതൊരു സാധ്യതയുമില്ലെന്ന്സ്റ്റാൻഡിംഗ് കൗൺസൽ അറിയിച്ചതിനാൽ ഈ വിധി നടപ്പിലാക്കാൻ 04.09.2015-ൽ നഗരസഭാസെക്രട്ടറി ശ്രീ.ബിജുമോൻജേക്കബ് നിർദേശം നല്ലിയിട്ടുള്ളതും, ആയത് പ്രകാരം ലൈസൻസ് നൽകിയിട്ടുള്ളതുമാണെന്ന് 07.09.2015 -ലെ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതാണ്. ലൈസൻസ് നൽകിയിട്ടുള്ളത് 2015-16 കാലഘട്ടത്തിലാണ്. എന്നാൽ ഇതിന് മുൻപേ 31.05.2015-ൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മനോഹരൻ നായർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ലൈസൻസ് നൽകിയത് ഹൈക്കോടതി ഉത്തരവിന്റേയും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായതിനാലും ശ്രീമനോഹരൻ നായരെ കുറ്റവിമുക്തനാക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ/പത്രിക, കൊച്ചി റീജണൽ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച ഔപചാരിക അന്വേഷണറിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായിപരിശോധിച്ചതിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ ശ്രീ. മനോഹരൻ നായരുടെ മറുപടി പരിഗണിക്കാവുന്നതും, കാക്കനാട് സൈനിക ആശ്രമത്തിന്റെ ഉടമസ്ഥതയിൽ തുടങ്ങാനിരുന്ന Botling Plant ലൈസൻസിനുള്ള അപേക്ഷ സംബന്ധിച്ച ഫയലിൽ, 2015-16 കാലഘട്ടത്തിൽ ലൈസൻസ് നൽകിയത് ഹൈക്കോടതി ഉത്തരവിന്റേയും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായതിനാൽ ആയതിന്, 31.05.2015-ൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ വിരമിച്ച ശ്രീ. മനോഹരൻ നായരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായും കാണുന്നില്ല.

7. മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പൽ ഓഫീസിലെ ക്രമക്കേടുകൾ സംബന്ധിച്ച മിന്നൽ പരിശോധനയിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ തൃക്കാക്കര മുനിസിപ്പൽ ഓഫീസിലെ മുൻ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ജി.മനോഹരൻ നായർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.ജി.മനോഹരൻ നായർ, മുൻ ഹെൽത്ത് ഇൻസ്പെക്ടർ,തൃക്കാക്കര മുനിസിപ്പൽ ഓഫീസ് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 21-12-2024 10:16:13

സെക്ഷൻ ഓഫീസർ